# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4813 | 26.06.2019 ൽ മറുപടിക്ക്

## മുളിയൂർ സ്റ്റേഡിയത്തിലെ അനധികൃത കൈയേറ്റങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ഐ.ബി. സതീഷ്** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | കാട്ടാക്കട പഞ്ചായത്ത് വക മൊളിയൂർ സ്റ്റേഡിയത്തിലെ അനധികൃത കൈയേറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) 1989-ലെ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നിർമ്മിച്ച മൊളിയൂർ സ്റ്റേഡിയം യുവജനങ്ങൾ കളിക്കുന്നതിനും മറ്റും ഉപയോഗിച്ച് വരവെ 2003-ൽ ശ്രീ. മുരുകൻ, ശ്രീ. വേണുഗോപാലൻ നായർ എന്നിവർ സ്റ്റേഡിയത്തിൽ അതിക്രമിച്ച് കടക്കാനും കൈവശപ്പെടുത്താനും ശ്രമിക്കുകയും തുടർന്ന് ബഹു. മുൻസിഫ് കോടതി നെടുമങ്ങാട് മുമ്പാകെ ശ്രീ. മുരുകൻ ഒ.എസ്. നം.683/2003 നമ്പരായും, ശ്രീ. വേണുഗോപാലൻ നായർ ഒ.എസ്. നം.692/2003 നമ്പരായും ശ്രീ. ഹരികൃഷ്ണൻ നായർ ആന്റ് ശ്രീ. വിനുകുമാർ ഒ.എസ്. നം.189/2004 നമ്പരായും കേസുകൾ ഫയൽ ചെയ്യുകയും ടി മൂന്ന് സിവിൽ കേസുകളും തള്ളി തീർപ്പാക്കിയിട്ടുള്ളതും പഞ്ചായത്തിന് അനുകൂലമായി വിധി വന്നിട്ടുള്ളതുമാകുന്നു. അതുപോലെ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ. എടുത്ത എം.സി. നം.411/2003 നമ്പർ കേസും പഞ്ചായത്തിന് അനുകൂലമായി ലഭിച്ചിട്ടുണ്ട്. ഒ.എസ്. നം.189/2004 നമ്പർ കേസിലെ വിധിക്കെതിരെ നെടുമങ്ങാട് സബ് കോടതി മുമ്പാകെ സമർപ്പിച്ച അപ്പീൽ നം.39/2007 നമ്പർ കേസും തള്ളി പഞ്ചായത്തിന് അനുകൂലമായി ഉത്തരവായിട്ടുള്ളതുമാണ്. ടി അപ്പീൽ തള്ളിയതിനെതിരെ 2 വർഷത്തിന് ശേഷം കാലതാമസം മാപ്പാക്കി അപ്പീൽ സ്വീകരിച്ച് കിട്ടണമെന്ന ഹർജി ഹൈക്കോടതിക്ക് സമർപ്പിച്ചെങ്കിലും അപ്പീൽ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു. |
| ബി) | പ്രസ്തുത സ്റ്റേഡിയം പഞ്ചായത്തിന് നഷ്ടപ്പെടുവാനുണ്ടായ സാഹചര്യവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | ബി) പഞ്ചായത്തിന്റെ ഉടമസ്ഥതയിലിരിക്കെ ടി വസ്തുവിൽ പ്രവേശിക്കുന്നതിന് മൊളിയൂർ ശ്രീമഹാദേവ ക്ഷേത്രത്തിന്റെ പേര് പറഞ്ഞ് ചില തൽപര കക്ഷികൾ ടി വസ്തു കൈവശപ്പെടുത്താൻ ശ്രമം നടത്തി വന്നിട്ടുള്ളതും സ്റ്റേഡിയത്തിന്റെ കൈവശ |

| | | |
|---|---|---|
| | | കാര്യങ്ങൾ തടസ്സപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതുമാകുന്നു. ക്ഷേത്രത്തിന്റെ പേര് പറഞ്ഞ് ആളെ കൂട്ടി ക്രമസമാധാന പ്രശ്നം സൃഷ്ടിക്കാനാണ് ശ്രീ. മുരുകൻ മുതൽ പേർ ശ്രമിക്കുന്നത്. അപ്രകാരമിരിക്കെ 28.09.2018 തീയതി രാത്രി സ്റ്റേഡിയത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മുള്ളുവേലി കെട്ടാൻ ശ്രമം നടത്തിയിട്ടുള്ളതും തുടർന്ന് 29.09.2018-ൽ നെടുമങ്ങാട് മുൻസിഫ് കോടതി മുമ്പാകെ മുൻകാല കേസുകളുടെ വിധിയും മറ്റും മറച്ച് വച്ച് ഒ.എസ്. നം.702/2018 നമ്പരായി അന്യായവും ഇഞ്ചക്ഷൻ ഹർജിയും ഫയൽ ചെയ്ത് താൽക്കാലിക നിരോധന ഉത്തരവ് വാങ്ങിയിട്ടുള്ളതുമാണ്. |
| സി) | സ്റ്റേഡിയവുമായി ബന്ധപ്പെട്ട് സിവിൽ കേസ്സുകൾ നിലവിലുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) 29.09.2018-ൽ നെടുമങ്ങാട് മുൻസിഫ് കോടതി മുമ്പാകെ മുൻകാല കേസുകളുടെ വിധിയും മറ്റും മറച്ചുവച്ച് ഒ.എസ്. നം.702/2018 നമ്പരായി അന്യായവും ഇഞ്ചക്ഷൻ ഹർജിയും ഫയൽ ചെയ്ത് താൽക്കാലിക നിരോധന ഉത്തരവ് വാങ്ങിയിട്ടുള്ളതാണ്. ടി ഉത്തരവ് വെക്കേറ്റ് ചെയ്യുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും മുൻസിഫ് കോടതി മുമ്പാകെ എല്ലാ രേഖകളും ഹാജരാക്കുകയും ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളതുമാകുന്നു. പഞ്ചായത്തിന്റെ വാദം കേൾക്കുന്നതിനായി 03.07.2019-ൽ കേസ് വിചാരണ വച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ